**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1874** **08-10-2021 - ൽ മറുപടിയ്ക്ക്**

**പെരിയാർ കുട്ടമ്പുഴ പശു സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പെരിയാർ കുട്ടമ്പുഴ പശു സംരക്ഷണ പദ്ധതി സംബന്ധിച്ച പ്രവർത്തനം വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ കുട്ടമ്പുഴ പഞ്ചായത്തിലെ പെരിയാറിന്റെ തീരപ്രദേശങ്ങളിൽ കാണുന്ന പശുവാണ് കുട്ടമ്പുഴ കുള്ളൻ. പെരിയാർ പശു എന്നും ഇതറിയപ്പെടുന്നു. ഈ പശുക്കളുടെ ശരാശരി പാലുൽപ്പാദനം 2 1/2 ലിറ്ററാണ്. എന്നാൽ പാലിൽ 8% ലധികം കൊഴുപ്പുണ്ടാകും. വളരെയധികം രോഗ പ്രതിരോധ ശേഷിയും, ഏത് തരം കാലാവസ്ഥയോടും ഇണങ്ങുവാനുള്ള കഴിവും ഇവയ്ക്കുണ്ട്. എറണാകുളം ജില്ലയിലെ മലയാറ്റൂർ, കോടനാട്, കാലടി, ഭൂതത്താൻകെട്ട്, കുട്ടമ്പുഴ എന്നിവിടങ്ങളിലാണ് ഇവയെ കാണപ്പെടുക. കുട്ടമ്പുഴ കുള്ളൻ പശുക്കൾ നിലവിൽ വംശനാശം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് ഒരു പ്രധാന കാരണം, ശുദ്ധമായ കുട്ടമ്പുഴ കുള്ളൻ കാളകളുടെ ബീജം ലഭ്യമല്ലാത്തതിനാൽ, ഈയിനത്തിലെ പശുക്കളിൽ മറ്റ് ഇനത്തിൽപ്പെട്ട കാളകളുടെ ബീജം ഉപയോഗിക്കേണ്ടി വരുന്നു എന്നതാണ്. ഇവ ഉള്ള മേഖലകളിൽ, ഇതേയിനത്തിൽപ്പെട്ട കാളകളുടെ ബീജം ലഭ്യമാക്കിക്കൊണ്ട് ഇവയെ സംരക്ഷിക്കുവാനും, അവയുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കുവാനും സാധിക്കുന്നതാണ്. ഈ ഉദ്ദേശത്തോട് കൂടി നടപ്പിലാക്കുന്ന പദ്ധതിയാണിത്. പദ്ധതി വിശദാംശങ്ങൾ കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെൻറ് ബോർഡും, സംസ്ഥാന മൃഗസംരക്ഷണ വകുപ്പും, കുട്ടമ്പുഴ കുള്ളൻ പശു പ്രജനന പരിപാലന സംഘത്തിന്റെ (KDPPS) സഹായ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നു. ആദ്യഘട്ടത്തിൽ ശുദ്ധജനുസ്സിൽപ്പെട്ട അഞ്ച് കുട്ടമ്പുഴ കുള്ളൻ വിത്തുകാളകളെ KDPPS ന്റെ സഹായത്തോടെ കെ.എൽ.ഡി.ബോർഡ് തെരെഞ്ഞെടുത്തു. ഇവയ്ക്കൊന്നും തന്നെ ജനിതക രോഗങ്ങളില്ലായെന്ന് ബോർഡിന്റെ തിരുവനന്തപുരത്തുള്ള Centre for |

| | | | |
|---|---|---|---|
| | | | Advanced Livestock Genomics (CALG) ലബോറട്ടറിയിൽ പരിശോധിച്ച് ഉറപ്പ് വരുത്തി. സാംക്രമിക രോഗങ്ങളായ ബ്രൂസെല്ലോസിസ്, റ്റി.ബി, പാരാ ടി.ബി എന്നിവയില്ലായെന്ന് മൃഗസംരക്ഷണ വകുപ്പിന്റെ പാലോട്ടുള്ള State Institute for Animal Disease ൽ പരിശോധിച്ച് ഉറപ്പ് വരുത്തി. ഏറ്റവും മികച്ചതും ലക്ഷണമൊത്തതുമായ രണ്ട് വിത്തുകാളകളെ (3 വയസ്സ്, 4 വയസ്സ് പ്രായമുള്ളവയെ) തെരഞ്ഞെടുത്തു. ഈ കാളകളെ KDPPS ലോണായി കെ.എൽ.ഡി.ബോർഡിന് നൽകുന്നതാണ്. ഈ വിത്തുകാളകളെ ബോർഡ് ഏറ്റുവാങ്ങി, ബോർഡിന്റെ തൃശ്ശൂർ ജില്ലയിലെ പുത്തൂർ ഫാമിലെ ക്വാറന്റൈൻ സ്റ്റേഷനിൽ 30 ദിവസം പരിപാലിച്ച്, രോഗങ്ങളൊന്നുമില്ലായെന്ന് ഒന്നുകൂടി ഉറപ്പ് വരുത്തിയ ശേഷം ഇവയെ കുളത്തൂപ്പുഴ ബുൾ സ്റ്റേഷനിലേയ്ക്ക് കൊണ്ടുപോകുന്നതാണ്. തുടർന്ന് ഇവയിൽ നിന്ന് കുറഞ്ഞത് 5000 ഡോസ് ഗാഢശീതീകരിച്ച ബീജമാത്രകൾ ഉൽപ്പാദിപ്പിച്ച ശേഷം, വിത്തുകാളകളെ KDPPSന് തിരികെ നൽകുന്നതാണ്. തുടർന്ന് കുട്ടമ്പുഴ കുള്ളൻ പശുക്കൾ കാണപ്പെടുന്ന സ്ഥലങ്ങളിൽ ഉപയോഗിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ എറണാകുളം ജില്ലയിലെ കോടനാട്, മലയാറ്റൂർ, അയ്യമ്പുഴ, കൊമ്പനാട്, കുട്ടമ്പുഴ, കാലടി, കോട്ടപ്പടി എന്നീ ബീജാധാന കേന്ദ്രങ്ങൾ വഴി, ഈ ബീജമാത്രകൾ സൗജന്യമായി നൽകുന്നതാണ്. രണ്ട് വർഷം കൊണ്ട് ഏതാണ്ട് 1000 വംശശുദ്ധിയുള്ള കുട്ടമ്പുഴ കുള്ളൻ പശുക്കൾ ഈ പദ്ധതിയിലൂടെ ജനിക്കുന്നതാണ്. ഈ പദ്ധതി തുടർന്നും നടപ്പിലാക്കുക വഴി ഇവ വംശനാശഭീഷണിയിൽ നിന്നൊഴിവാകുന്നതാണ്. |
| (ബി) | കുട്ടമ്പുഴ പശുക്കളെ ഇന്ത്യൻ ജനുസ്സായി അംഗീകരിക്കുന്നതിനുള്ള നടപടി ആരംഭിക്കുമോ; ഇല്ലെങ്കിൽ വിശദമാക്കാമോ; | (ബി) | പെരിയാർ തീരത്തെ കർഷകരുമായി സഹകരിച്ച് ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ICAR) കുട്ടമ്പുഴ കുള്ളൻ പശുക്കളെക്കുറിച്ചുള്ള പഠനങ്ങൾക്ക് 2019 ൽ തുടക്കമിട്ടിരുന്നു. ഒരു പ്രത്യേക ബ്രീഡ് പദവി നൽകുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക് റിസോർസസ് (NBAGR) നടത്തി വരുന്നു. ഈ ജനുസ്സിൽ പെട്ട കുറഞ്ഞത് 1000 പശുക്കളെങ്കിലും ഉണ്ടെങ്കിൽ മാത്രമെ ഇവയെ ഇന്ത്യൻ ജനുസ്സായി അംഗീകരിക്കുകയുള്ളൂ. പശുക്കളുടെ എണ്ണം ഈ നിലയിലേയ്ക്കെത്തുമ്പോൾ ഇതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | 5 വർഷത്തിനുള്ളിൽ ഈ പശുക്കളുടെ എണ്ണം | (സി) | പെരിയാർ തീരത്തെ കർഷകരുമായി സഹകരിച്ച് |

| | | | |
|---|---|---|---|
| | വർദ്ധിപ്പിക്കുന്നതിന് വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കുമോ; എങ്കിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനം വിശദമാക്കാമോ? | | ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ICAR) കുട്ടമ്പുഴ കുള്ളൻ പശുക്കളെക്കുറിച്ചുള്ള പഠനങ്ങൾക്ക് 2019 ൽ തുടക്കമിട്ടിരുന്നു. ഒരു പ്രത്യേക ബ്രീഡ് പദവി നൽകുന്നതിനുള്ള സാദ്ധ്യതകൾ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നാഷണൽ ബ്യൂറോ ഓഫ് അനിമൽ ജനറ്റിക് റിസോർസസ് (NBAGR) നടത്തി വരുന്നു. ഈ ജനുസ്സിൽ പെട്ട കുറഞ്ഞത് 1000 പശുക്കളെങ്കിലും ഉണ്ടെങ്കിൽ മാത്രമെ ഇവയെ ഇന്ത്യൻ ജനുസ്സായി അംഗീകരിക്കുകയുള്ളൂ. പശുക്കളുടെ എണ്ണം ഈ നിലയിലേയ്ക്കെത്തുമ്പോൾ ഇതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ